**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1843** **11-10-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി (യു.എം..ടി.എ./കെ.എം..ടി.എ.) പദ്ധതി മുഖാന്തിരം എന്താണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദീകരിക്കുമോ; | (എ) | കൊച്ചി നഗരത്തിന്റെ ഗതാഗത ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും നഗര ഗതാഗത അനുബന്ധ സേവനങ്ങൾക്കും വേണ്ടിയാണ് കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. നഗരഗതാഗതം സുഗമവും, സുരക്ഷിതവും ആക്കുന്നതിനും പൊതുഗതാഗത സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരസ്പര പൂരകമാകും വിധം പ്രവർത്തിക്കുന്നതിനും അതോറിറ്റിയുടെ രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) | കൊച്ചി നഗരത്തിന് തനതായ നഗരഗതാഗതം ഒരു കുടക്കീഴിലേക്ക് കൊണ്ടുവരുമെന്നുള്ള രീതിയിൽ അവതരിപ്പിച്ച അർബൻ മെട്രോ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; വിശദീകരിക്കുമോ; | (ബി) | പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച് അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ പ്രൊപ്പോസൽ സാമ്പത്തിക കാരണങ്ങളാൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പദ്ധതി നടത്തിപ്പിനായി ഏത് രീതിയിലാണ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് എന്ന് അറിയിക്കുമോ; ഇതിനായി എത്ര ഉദ്യോഗസ്ഥരെയാണ്, ഏതെല്ലാം വകുപ്പുകളിൽ നിന്ന് നിയമിച്ചിട്ടുള്ളത് എന്നറിയിക്കുമോ; എറണാകുളത്ത് എവിടെയാണ് പദ്ധതിയുടെ കാര്യാലയം സ്ഥിതി ചെയ്യുന്നതെന്നും ഏത് വകുപ്പിന് കീഴിലാണ് ഈ അതോറിറ്റി നിലകൊള്ളുന്നതെന്നുമുള്ള വിവരം അറിയിക്കുമോ; | (സി) | കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി 06.12.2023-ലെ സ.ഉ.(സാധാ.)നം.5442/2023/പൊ.ഭ.വ. പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. മറ്റ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതു സംബന്ധിച്ച പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>നിലവിൽ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്ക് കാര്യാലയമില്ല. ഗതാഗത വകുപ്പിന് കീഴിലാണ് പ്രസ്തുത അതോറിറ്റി നിലകൊള്ളുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചതെന്നും ശമ്പളം | (ഡി) | നടപ്പ് സാമ്പത്തിക വർഷം കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ശീർഷകത്തിൽ |

| | | | |
|---|---|---|---|
| | ഇനത്തിൽ ഉദ്യോഗസ്ഥർക്ക് എത്ര രൂപ, ഏതൊക്കെ തസ്തികകളിലായി നൽകിയിട്ടുണ്ട് എന്നതും സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ? | | 3.10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശമ്പള ഇനത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

**Abstract**

IAS - ADDITIONAL CHARGE TO IAS OFFICER - ORDERS ISSUED.

## GENERAL ADMINISTRATION (AIS A) DEPARTMENT

G.O.(Rt)No.5442/2023/GAD Dated,Thiruvananthapuram, 06-12-2023

**ORDER**

Shri. Shaji V Nair IAS, Chief Executive Officer, Cochin Smart Mission Limited will hold the full additional charge of Chief Executive Officer, Kochi Metropolitan Transport Authority, in addition to the existing additional charge.

(By order of the Governor)
MANIKANTAN R
JOINT SECRETARY

To

1. Shri. Shaji V Nair IAS, Chief Executive Officer, Cochin Smart Mission Limited, 4th Floor, JLN Stadium Metro Station, Kaloor, Kochi, Kerala 682017.
2. The Secretary, Ministry of Personnel, Public Grievances & Pensions, Department of Personnel & Training, Government of India, New Delhi.
3. Chief Executive Officer, Kochi Metropolitan Transport Authority, Kochi.
4. The Transport Department.
5. The General Administration (SC) Department.
6. The Web and New Media Division, I&PRD (for uploading to www.gadsplais.kerala.gov.in).
7. Stock file/Office copy.

Forwarded /By order

Section Officer

Copy to:

1. The Private Secretary to the Chief Minister.
2. The Private Secretary to the Minister (Transport)
3. The Officer on Special Duty, Office of the Chief Secretary.
4. PA to Additional Secretary, General Administration (AIS) Department.

5. CA to the Joint Secretary, General Administration (AIS) Department.